205 (271) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകിയ അധികാരങ്ങൾ ഫലപ്രദമായി നടപ്പിലാക്കാനുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത്രാജ് സംവിധാനത്തിന്റെ ഫലമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതലായി നൽകിയ അധികാരങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിധവ, അഗതി, വാർദ്ധക്യകാല പെൻഷനുകൾ വിതരണം ചെയ്യുന്ന ചുമതല തദ്ദേശഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ പെൻഷനുകൾക്ക് ലഭിക്കുന്ന അപേക്ഷകൾ യഥാസമയം പരിശോധിക്കുവാനോ, തീരുമാനമെടുക്കുവാനോ ഇപ്പോൾ വന്നിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തദ്ദേശ ഭരണ സ്ഥാപനത്തിൽ കെട്ടിക്കിടക്കുന്ന നിരവധി പെൻഷൻ പദ്ധതികളുടെയും തൊഴിലില്ലായ്മ വേതനത്തിന്റെയും അപേക്ഷകളിന്മേൽ യഥാസമയം തീരുമാനം എടുക്കാനാവശ്യമായ സ്റ്റാഫിനെ നിയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഈ പ്രശ്നത്തിന് എപ്രകാരം പരിഹാരം കാണാനാകുമെന്ന് വ്യക്തമാക്കുമോ;

(എഫ്) പഞ്ചായത്തുകളിൽ വന്നിട്ടുള്ള അധികരിച്ച ജോലിഭാരം കണക്കിലെടുത്ത് സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുമോ; എങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) അപേക്ഷകൾ പരിഗണിച്ച് അനുവദിക്കുന്നതും വിതരണം ചെയ്യുന്നതും തദ്ദേശഭരണ സ്ഥാപനങ്ങൾ തന്നെയാണ്.

(സി) ചില പഞ്ചായത്തുകളിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി)&(ഇ) എല്ലാ പഞ്ചായത്തുകളിലും ഓരോ ക്ലാർക്കുമാരെ അധികമായി അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്തിട്ടുള്ള സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ജീവനക്കാരെ ഇതിനുവേണ്ടി ഉപയോഗപ്പെടുത്താവുന്നതാണ്. കൂടാതെ പീസ് റേറ്റിൽ പ്രത്യേകം ആൾക്കാരെവച്ച് അത്യാവശ്യജോലികൾ നടത്തിക്കാൻ അനുമതി നൽകിയിട്ടുണ്ട്. അധികാര വികേന്ദ്രീകരണ കമ്മിറ്റി നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥ പുനർവിന്യാസം പൂർത്തിയാകുന്നതോടെ പ്രശ്നം പരിഹൃതമാകുന്നതാണ്.

(എഫ്) ഇത്തരത്തിലൊരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

1062/2010.

LIBRARY ARCHIVES Kerala Legislative Assembly